LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഉദ്യോഗസ്ഥരുടെ വീട്, വാഹനം ആക്രമിച്ച സംഭവം

106(5693) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇരിങ്ങാലക്കുട എസ്.ഐ.-യായിരുന്ന ശ്രീ. ജിജോ, ടിയാന്റെ സഹോദരൻ പോലീസ് കോൺസ്റ്റബിളായ ശ്രീ. ലിജോ എന്നിവരുടെ വീട് ആക്രമിക്കുകയും, വാഹനങ്ങൾ കേടുവരുത്തുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിനും, പോലീസ് ഉദ്യോഗസ്ഥരായ ഇവർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഇരിങ്ങാലക്കുട എസ്.ഐ. ശ്രീ. ജിജോ, ടിയാന്റെ സഹോദരൻ പോലീസ് കോൺസ്റ്റബിൾ ശ്രീ. ലിജോ എന്നിവരുടെ വീട് ആക്രമിക്കുകയും വാഹനങ്ങൾ കേടുവരുത്തുകയും ചെയ്ത സംഭവത്തിൽ പ്രതികളെ 15-6-2015 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. അഗ്നിക്കിരയാക്കിയ ബൈക്കിനുപകരം പുതിയ ബൈക്ക് നൽകുന്ന വിഷയത്തിന്മേൽ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി നൽകിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

107(5694) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാതൃക/ജനകീയ പോലീസ് സ്റ്റേഷനുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പോലീസ് കസ്റ്റഡിയിൽ മർദ്ദനമേറ്റതായി പരാതി ലഭിച്ചതിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പോലീസിന്റെ കസ്റ്റഡി മർദ്ദനത്തിനെതിരെ എത്ര പേർക്കെതിരെ കോടതി കേസ്സെടുത്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥരുടെ പേരും, ഉദ്യോഗപ്പേരും സഹിതം വ്യക്തമാക്കാമോ ?